മിസ്റ്റർ സ്പീക്കർ: ചോദ്യം തുണി വിതരണത്തെപ്പറ്റിയാണ്.

ശ്രീ. പി. നാണു: മില്ലിൽ ഉണ്ടാക്കുന്ന കൺട്രോൾ ഇല്ലാത്ത തുണി ഇവിടെ തിതരണം ചെയ്യുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നാണ് അറിയുന്നത്.

ശ്രീ. പി. നാണു: മില്ലിൽ ഉണ്ടാക്കുന്ന തുണിയുടെ വില ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൺട്രോൾ ഇല്ലെന്നു പറയുമ്പോൾ വില ക്ലിപ്തപ്പെടുത്തുവാൻ നിവൃത്തിയില്ലല്ലോ.

ശ്രീ. പി. നാണു: അതു ഇഷ്ടംപോലെ വിൽക്കാമെന്നാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ അങ്ങിനെയാണെന്നാണു തോന്നുന്നത്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ സംസ്ഥാനത്തേയ്ക്കാവശ്യമുള്ള തുണിയിൽ എത്ര ശതമാനം ഇവിടെ ഉണ്ടാക്കുന്നുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ കണക്ക് എന്റെ കൈവശമില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കൊല്ലത്തെ കാട്ടൺമില്ലിൽ എത്ര തുണി ഉണ്ടാക്കുന്നുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സംസ്ഥാനത്തുണ്ടാക്കുന്ന തുണി മുഴവൻ ഇവിടെ വിതരണം ചെയ്യുകയല്ല, ഇൻഡ്യയിൽ ആകെക്കൂടി ഉണ്ടാക്കുന്ന തുണിയുടെ കണക്കനുസരിച്ച് ഇവിടത്തെ വിതരണത്തിനാവശ്യമുള്ളതു അലോട്ടചെയ്യുകയാണ്.

ശ്രീ. പി. നാണു: കൺട്രോൾ തുണിയുടെ ഏതെങ്കിലും ഭാഗം ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ നേരിട്ടുവിതരണം നടത്തുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ വിതരണം ചെയ്യുന്നതായി അറിവില്ല.

## കൃഷിച്ചെലവിനു അനുവദിച്ചിട്ടുള്ള നെല്ല്

* 9 (൧). (൩) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

(എ) കൊച്ചി വിഭാഗത്തും തിരുവിതാംകൂർ വിഭാഗത്തും കൃഷിക്കാർക്ക് അനുവദിച്ചിട്ടുള്ള നെല്ലിലോ, കൃഷിച്ചെലവിലോ എന്തെങ്കിലും വ്യത്യാസമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എയും, ബിയും) തിരുവിതാംകൂറിലെ കൃഷിക്കാർക്ക് പൊതുവെ പ്രായപൂർത്തിയായ മരാർക്ക് ൨൫ പറ നെല്ലുവീതമാണ് കൃഷിച്ചെലവിനു അനുവദിച്ചുവന്നിരുന്നത്. കൊച്ചിയിൽ വസ്തു ഉടമസ്ഥന്മാർ അതായത് ജന്മികൾക്ക് ൨൫ പറ വീതവും യഥാർത്ഥ കൃഷിക്കാർക്കു ൩൫ പറ വീതവും കൊടുത്തുവരുന്നു. ഇപ്പോൾ അതു ഏകീകരിച്ചിട്ടുണ്ട്. രണ്ടുവിഭാഗത്തിലും ഇതിനു ഐകരൂപ്യം വരുത്തിയിട്ടുണ്ട്. വിത്തിനും കൃഷിച്ചെലവിനും അനുവദിക്കുന്ന നെല്ലിന്റെ തൂക്കയിൽ വ്യത്യാസം ഇല്ല. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ ഉത്തരവു് കുട്ടനാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഉൎജ്ജിതത്തിൽ വന്നിട്ടില്ല.

ശ്രീ. പി. നാണു: കൃഷിച്ചെലവു് പലഭാഗത്തും പലവിധത്തിലാണെന്നു ഗവ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറച്ചൊക്കെ വ്യത്യാസമുണ്ടാകാം.

ശ്രീ. പി. നാണു: ആ വ്യത്യാസം തിക്കുന്നതിനു ഗവൺമെൻറിൽനിന്നു എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പല നിലങ്ങളിലും പല വിധത്തിലാണു കൃഷിച്ചെലവു് എന്നു ഗവൺമെൻറിനറിയാം.

ശ്രീ. പി. നാണു: അതു ശരിപ്പെടുത്തുന്നതിനു അതായതു കൃഷിക്കാരുടെ ചെലവു നികത്തുകിട്ടുന്നതിനു എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് ഇപ്പോൾ ഒന്നും ചെയ്തിട്ടില്ല.

ശ്രീ. പി. നാണു: ഈ കാര്യത്തിൽ കൃഷിക്കാരുടെ വല്ല നിവേദനങ്ങളും ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിട്ടുണ്ടു്. അതു് ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. സി. ആദിച്ചൻ: വനംകൃഷി ചെയ്യുന്ന കൃഷിക്കാൎക്കു് കൂലിച്ചെലവു് ഏക്കറിനു് ഏതടിസ്ഥാനത്തിലാണു അനുവദിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഇതേ അടിസ്ഥാനത്തിൽ തന്നെയാണു്.

**Sri. K. Sivarama Pillai:** May I know what is the uniform rate that is allowed?

**Sri. Panampilli Govinda Menon:** The uniform rate at present is 20 paras per acre. But the representation is that it should be increased.

ശ്രീ. സി. വി. ഐയ്യു: കൊച്ചിയിൽ ഈ ഇരുപതു പറ പോരാ എന്നു തലപ്പിള്ളി താലൂക്കുകാരുടെ വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിൽനിന്നും നിവേദനമൊന്നും കിട്ടിയിട്ടുണ്ടു്.

ശ്രീ. ആർ. ശങ്കർ: കുട്ടനാട്ടിൽ ഇതു പ്രയോഗത്തിൽ വന്നിട്ടില്ല എന്നു പറയുന്നതെന്തുകൊണ്ടാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുട്ടനാട്ടിൽ ൨൦ പറ അനുവദിക്കുന്നതു ശരിയല്ലെന്നും ൨൫ പറയാണു കൊടുത്തിരുന്നതെന്നും കാണിച്ചു് നിവേദനം കിട്ടിയിരുന്നു. അതുകൊണ്ടു് അതിനെപ്പറ്റി ആലോചിക്കാനായിട്ടു് ആ ഭാഗത്തേയ്ക്കു് ഒരു സ്റ്റേ ചെയ്തിരിക്കുകയാണു്.

ശ്രീ. പി. നാണു: കൃഷിച്ചെലവു് എത്രവരുമെന്നു സ്റ്റാറ്റിസ്റ്റിക്സ് ശേഖരിച്ചതിനുശേഷമാണോ ഈ ൨൦ പറ മതിയെന്നു തീരുമാനിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിച്ചു് വിവരങ്ങൾ ശേഖരിച്ചതിൻെറ ശേഷമാണു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കൃഷിച്ചെലവിനുവേണ്ടി നെല്ലനുവദിക്കാറുണ്ടെങ്കിലും കൃഷിയുടമസ്ഥന്മാർ വേലക്കാർക്കു് നെല്ലു കൂലി കൊടുക്കുന്നില്ലെന്നു വല്ല ആരോപണവും കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള ആക്ഷേപം കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അതിന്മേൽ എന്തു നടപടിനടത്തിയെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്മേൽ നടപടി നടത്തിയിട്ടില്ല.

ஸ்ரீ. ஏ. சிதம்பரநாத நாடார்: கிருஷிச்செலவுகளைத் திட்டப்படுத்தி முடிவு கட்டக்கூடிய Expert யார் என்று சொல்ல முடியுமா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറുദ്യോഗസ്ഥന്മാർ തന്നെയാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: கவர்மென்று உத்தியோகஸ்தர் முறையில் யாருக்காவது.....

**Mr. Speaker:** That question is disallowed.

## ട്രെയിനിംഗ് അദ്ധ്യാപകന്മാർ

* ൭൯൫. (൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൫൬,—൧൯൫൯ ഇയാണ്ടിൽ തിരുവിതാംകൂർ ഗവണ്മെണ്ടിൽ നിന്നും മദ്രാസിൽ അഡയാറിലുള്ള Arundale മോണ്ടിസോറി സെൻറിൽ ട്രെയിനിംഗിനു് അയച്ചിരുന്നവരും പരിശീലനം കഴിഞ്ഞുവന്നവരുമായ അദ്ധ്യാപകന്മാർ എതെങ്കിലും സ്കൂളുകളിൽ കൂട്ടികൊണ്ട് ട്രെയിനിംഗ് കൊടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെ, എതെല്ലാം സ്കൂളുകളിൽ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇല്ല. ട്രെയിനിംഗ് കഴിഞ്ഞുവന്ന അദ്ധ്യാപകന്മാരാരും "മോണ്ടിസോറി ട്രെയിനിംഗ്" കൂട്ടികൊണ്ട് ഇപ്പോൾ കൊടുക്കുന്നതിനു് വ്യവസ്ഥയില്ല. ചോദ്യത്തിലെ രണ്ടാമത്തെ ഭാഗം ഉദിക്കുന്നില്ല. സാമ്പത്തികനില അനുവദിക്കാത്തതിനാൽ ഈ പദ്ധതി തല്ക്കാലം നിറുത്തിവച്ചിരിക്കുകയാകുന്നു.

ശ്രീ. കൃഷ്ണനയ്യപ്പൻ: ട്രെയിനിംഗിനു് എത്ര പേരെയാണ് അയച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ കൃത്യമായിപ്പറയാൻ നിവൃത്തിയില്ല.

ശ്രീ. കൃഷ്ണനയ്യപ്പൻ: അതിനെന്തു ചെലവു് വന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല. നോട്ടീസുവേണം.

## തിരുവല്ലായിലെ നെല്ലുസംഭരണം

* ൭൯൬. (൪) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ക്ഷേമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ താലൂക്കിൽനിന്നും ൧൯൫൬, ൧൯൫൭, ൧൯൫൪ എന്നീ വർഷങ്ങളിൽ എത്രായിരുപ്പറ നെല്ല് ഗവണ്മെണ്ടിൽനിന്നും സംഭരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly